# കേരള സർക്കാർ

## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 22, 09.06.2014 ൽ മറുപടിയ്ക്ക്**

**'സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം'**

| | ചോദ്യം<br>ശ്രീ. സി. പി. മുഹമ്മദ് | ഉത്തരം<br>ബഹുമാനപ്പെട്ട മുഖ്യമന്ത്രി<br>ശ്രീ. ഉമ്മൻ ചാണ്ടി |
|---|---|---|
| (എ) | സർക്കാർ വകുപ്പുകൾ, എയ്ഡഡ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ എന്നിവയിലെ ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ബി) | പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി ഇതുസംബന്ധിച്ച് എന്തെല്ലാം ശുപാർശകളാണ് സമർപ്പിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ? | മൂന്നാം എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ രണ്ടാം റിപ്പോർട്ടിൽ (2011 - 2012) സർക്കാർ ഉദ്യോഗസ്ഥരുടെയും സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും, സർവ്വകലാശാലകൾ പോലുള്ള സ്വയം ഭരണസ്ഥാപനങ്ങളിലെയും ജീവനക്കാരുടെ വിരമിക്കൽ പ്രായം നിലവിലുള്ള 56 വയസിൽ നിന്നും 58 വയസായി ഉയർത്തണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ